E-416225/26

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ഇ-മെയിൽ : soserviced@gmail.com

ഫോൺ നമ്പർ : 0471 251 8544

നമ്പർ.SD2/380/2025-GAD    19-01-2026,തിരുവനന്തപുരം

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ വകുപ്പ് മേധാവികൾക്കും.

സർ,

വിഷയം:- സമാശ്വാസ തൊഴിൽദാന പദ്ധതി - ആശ്രിത നിയമനം - റിപ്പോർട്ട് ചെയ്യപ്പെട്ട 151 ഒഴിവുകൾ നികത്തുന്നതിനായി 'അദാലത്ത്' സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 17/01/2026-ൽ പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതിക്കായുള്ള 151 യൂണിഫോം തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി സർക്കാർ പ്രത്യേക 'അദാലത്ത്' സംഘടിപ്പിക്കുന്നു. ഇതിലൂടെ, വിവിധ വകുപ്പുകളിലെ ആശ്രിത നിയമന സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട് നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികകളിലേക്ക് പ്രവേശനം നേടാനുള്ള അവസരമൊരുക്കുന്നു. ആയതിനാൽ, താങ്കളുടെ വകുപ്പിലെ അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും ടി വിവരം കത്ത്, ഫോൺ, ഇമെയിൽ എന്നിവ മുഖേന ഈ വിവരം അടിയന്തരമായി അറിയിക്കേണ്ടതാണ്. പ്രസ്തുത തസ്തികകളിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധരായവരിൽ നിന്നും

നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം (PART-I) (എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം) ശേഖരിച്ച്, വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തി (PART II) **2026 ജനുവരി 31-നകം** പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ നേരിട്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ലഭ്യമായ ഒഴിവുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

♦സിവിൽ പോലീസ് ഓഫീസർ (CPO): പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ആകെ 118 ഒഴിവുകൾ.

♦ബീറ്റ് ഫോറസ്റ്റ് ഓഫീസർ (BFO): പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ആകെ 26 ഒഴിവുകൾ.

♦അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (APO): പുരുഷ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തിയ 7 ഒഴിവുകൾ.

അദാലത്തിലൂടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉദ്യോഗാർത്ഥികൾക്ക് വേഗത്തിൽ നിയമനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

1. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച് അർഹത നിശ്ചയിച്ചു കഴിഞ്ഞ എല്ലാ അപേക്ഷകരേയും അദാലത്തിലേക്ക് പരിഗണിക്കുന്നതാണ്.
2. സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് 18-26 വയസ്സും, ബീറ്റ് ഫോറസ്റ്റ് ഓഫീസറുടേതിന് 19-30 വയസ്സും, അസിസ്റ്റന്റ് പ്രിസൺ ഓഫീസർക്ക് 18-36 വയസ്സുമാണ് പൊതുവായ പ്രായപരിധി നിശ്ചയിച്ചിട്ടുള്ളത്; എങ്കിലും നിയമാനുസൃതമായ ഇളവുകളിലൂടെ ഒ.ബി.സി വിഭാഗത്തിന് മൂന്ന് വർഷവും, എസ്.സി/എസ്.ടി വിഭാഗത്തിന് അഞ്ച് വർഷവും വരെ പ്രായപരിധിയിൽ ഇളവുണ്ട്.
3. യൂണിഫോം തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയും ശാരീരിക അളവുകളും നിർബന്ധമാണ്. വിധവകൾ, വിഭാര്യർ എന്നിവർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കുമെങ്കിലും ശാരീരിക-കായിക ക്ഷമതാ പരീക്ഷകളിൽ വിജയിക്കേണ്ടത് നിയമനത്തിന് അത്യന്താപേക്ഷിതമാണ്.
4. മുൻപ് സിവിൽ പോലീസ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ തസ്തികകളിൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ശാരീരിക കായിക ക്ഷമതാ പരീക്ഷകളിൽ പരാജയപ്പെടുകയും ചെയ്തവർക്കും 2026 ഫെബ്രുവരി

ആദ്യവാരത്തിൽ നടത്തുന്ന ശാരീരിക കായികക്ഷമതാ പരീക്ഷയിൽ അദാലത്തിന്റെ ഭാഗമായി ഒരു അവസരം കൂടി നൽകുന്നതാണ്.

5. സമയപരിധിക്കുള്ളിൽ ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതകൾ മാത്രമേ അദാലത്തിലും പരിഗണിക്കുകയുള്ളൂ. G.O(P)No.4/2025/F&ARD ഉത്തരവ് ഖണ്ഡിക XX (3)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള 'ഒറ്റത്തവണ അവസരം' അദാലത്തിന് ശേഷമേ നിലവിൽ വരികയുള്ളൂ.
6. അദാലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിലേക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ , **അപേക്ഷകന്റെ നിലവിലെ പ്രായത്തിനു പകരം വാലിഡ് ആപ്ലിക്കേഷൻ തീയതിയിലെ പ്രായമാണ് മാനദണ്ഡമായി കണക്കാക്കുന്നത്.**
7. അദാലത്ത് സംബന്ധിച്ചുള്ള സംശയനിവാരണത്തിന് വകുപ്പുകൾക്കും അപേക്ഷകർക്കും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ നമ്പർ : 0471 251 8544).

മേൽ തീരുമാനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കി, താങ്കളുടെ വകുപ്പിന് കീഴിലുള്ള അർഹരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

Sudha B

ADDITIONAL SECRETARY

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Badusha S

Date: 19-01-2026 13:47:39

സെക്ഷൻ ഓഫീസർ.

ഉള്ളടക്കം: സമ്മതപത്രം ( PART I & PART II)

മേലെഴുത്ത് നം.CEIA/516/2026-G2 തീയതി : 28-01-2026

സർക്കാർ കത്തിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി എല്ലാ ചീഫ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് അയയ്ക്കുന്നു. സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട് സമ്മതപത്രം നൽകുന്ന ഉദ്യോഗാർത്ഥികൾ ടി സർക്കാർ കത്തിൽ നിർദ്ദേശിച്ചിരിക്കും പ്രകാരം SSLC, Plus Two സർഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമ്മതപത്രത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്നറിയിക്കുന്നു.

Signed by Hariprasad V P
Date: 28-01-2026 16:00:22
ADMINISTRATIVE ASSISTANT

PART I

**സമ്മതപത്രം**

..................................................................................................................................................

.................................................................................................... .....................( പേര് , വിലാസം , മൊബൈൽ നമ്പർ , ഇ-മെയിൽ ഐ.ഡി ഉൾപ്പെടെ ) എന്ന എനിക്ക് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് സംഘടിപ്പിക്കുന്ന അദാലത്തിൽ പങ്കെടുക്കുവാനും താഴെപ്പറയുന്ന തസ്തികകളിൽ നിയമനത്തിന് പരിഗണിക്കുവാൻ സമ്മതമാണെന്നും അറിയിക്കുന്നു.

1. സിവിൽ പോലീസ് ഓഫീസർ
2. വുമൺ സിവിൽ പോലീസ് ഓഫീസർ
3. ബീറ്റ് ഫോറസ്റ്റ് ഓഫീസർ ( Male & Female)
4. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ( Male )

ടി തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത (പ്ലസ് ടു) ഞാൻ നേടിയിട്ടുണ്ടെന്നും അറിയിക്കുന്നു.

തീയതി : ഒപ്പ്

സ്ഥലം :

NB : അദാലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള തസ്തികകൾക്ക് നേരേ Tick മാർക്ക് ചെയ്യേണ്ടതാണ്.